108 (1150) കൃഷി ഫാമിലെ തൊഴിലാളികളുടെ ഒഴിവുകൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളിൽ തൊഴിലാളികളുടെ ഒഴിവ് നികത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേരെ നിയമിച്ചു;

(സി) ഇപ്രകാരം നിയമിച്ചവരിൽ എത്ര പേർ ആറുമാസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ട്;

(ഡി) ഇവരെ സ്ഥിരപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളിൽ കാഷ്വൽ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കാൻ 5.8.98-ലെ (എം. എസ്) 170/98/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി. ഇതനുസരിച്ച് വിവിധ കൃഷിഫാമുകളിൽ കാഷ്വൽ തൊഴിലാളികളെ നിയമിച്ചു.

(ബി) 198 പേരെ കാഷ്വൽ തൊഴിലാളികളായി നിയമിച്ചു.

(സി) ഇപ്രകാരം നിയമിച്ചവരിൽ 72 പേർ കോടതിയുടെ സ്റ്റേയുടെ അടിസ്ഥാനത്തിൽ 6 മാസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ട്.

(ഡി) തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്ക് നിയമിച്ച കാഷ്വൽ തൊഴിലാളികൾ സ്ഥിരപ്പെടുത്തുന്നതിന് അർഹരല്ല.

109 (1151) വാട്ടർഷെഡ് പദ്ധതി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ പായിക്കോട് വാട്ടർഷെഡ് പദ്ധതികൾക്കായി എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; ഇതേവരെ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ നിർത്തിവച്ചതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ ലക്ഷ്യത്തിന് വിരുദ്ധമായി കോൺടാക്ട് വർക്കായി പദ്ധതിയെ മാറ്റിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതികളുടെ ലക്ഷ്യം ഗുണഭോക്തൃ കമ്മിറ്റി, പദ്ധതി പ്രദേശം ഇവ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly